**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **09-08-2023 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 20/07/2022 ലെ GO (Rt) No. 730/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തനലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യവർദ്ധനയ്ക്കുള്ള സാധ്യതയെക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, സംസ്ഥാനത്ത് ആദ്യമായി 'ഡിസൈൻ ഫെസ്റ്റ്' നടത്തുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം സ്വീകരിച്ചുവരുന്നു. ലോകോത്തര ഡിസൈനുകളെ കൈത്തറി മേഖല യിൽ അവതരിപ്പിച്ചുകൊണ്ട് കേരള കൈത്തറിയുടെ വിപണി രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ഡിസൈൻ ഫെസ്റ്റിന്റെ ലക്ഷ്യം. |
| (ബി) | ക്ഷയിച്ചുകൊണ്ടിരിക്കുന്ന കൈത്തറി നിർമ്മാണശാലകളെ പുന:രുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ കൈത്തറി നിർമ്മാണശാലകളെ പുന:രുജ്ജീപ്പിക്കുന്നതിന് പ്രാഥ മികസഹകരണസംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത |

| | | | |
|---|---|---|---|
| | | | ഉല്പ്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ ചുവടെ ചേർക്കുന്ന 7 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ച് വരുന്നു. 2023-24 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>1) വർക്ക് ഷെഡ് നവീകരണം<br><br>2)വ്യക്തിഗത വർക്ക് ഷെഡ് നവീകരണം.<br><br>3)ഡൈ ഹൗസ് റിപ്പയറിംഗ്.<br><br>4)ഒരു വീട്ടിൽ ഒരു തറി.<br><br>5)ടെക്നോളജി അപ്ഗ്രഡേഷൻ ആൻറ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി.<br><br>6)തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ.<br><br>7)റെസ്റ്റ്റൂം/സ്റ്റോറേജ് നിർമ്മാണവും ടോയ്‌ലറ്റ് നവീകരണവും<br><br>കൂടാതെ, പരമ്പരാഗത വ്യവസായമായ കൈത്തറിമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും അധിക വേതനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. കൈത്തറി മേഖലയിലാകമാനം ഒരു പുത്തനുണർവുണ്ടാക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ